പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1830 | 17.06.2013-ൽ മറുപടിക്ക്.

## ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. പാലോട് രവി<br>ശ്രീ. പി. സി. വിഷ്ണുനാഥ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; | : (എ) ജനപങ്കാളിത്തത്തോടെ മികച്ച പോലീസ് സംവിധാനം സൃഷ്ടിക്കുക എന്ന പൊതു ഉദ്ദേശത്തോടെ പോലീസും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തി അതുവഴി ജനോപകാരപ്രദവും, ജനസൗഹൃദവുമായ പോലീസ് സംവിധാനം സൃഷ്ടിച്ച് കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരികയെന്നതാണ് ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. കേരളാ പോലീസിനെ ഒരു ജനസൗഹൃദ പോലീസ് സേനയാക്കി മാറ്റുന്നതിനുള്ള വിവിധ പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പ്ലാൻ പദ്ധതിയുടെ ഭാഗമായി നടപ്പിൽ വരുത്തിയിട്ടുള്ള കമ്മ്യൂണിറ്റി പോലീസിംഗ് (ജനമൈത്രി സുരക്ഷാ പദ്ധതി), കുട്ടികളെ പോലീസിലേയ്ക്ക് ആകർഷിപ്പിക്കുന്നതിനും അവരിൽ സാമൂഹ്യബോധം വളർത്തുന്നതിനുമായി നടപ്പിലാക്കിയിട്ടുള്ള സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി, ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെൻഡർ അവയർനസ്, പോലീസ് സ്റ്റേഷനുകളിൽ വരുന്ന പൊതുജനങ്ങൾക്ക് സൗഹൃദ അന്തരീക്ഷത്തിൽ പരാതികൾ രേഖപ്പെടുത്തുന്നതിനും, വിവരങ്ങൾ അറിയുന്നതിനുമായിട്ടുള്ള ICT Enabled Help Desks (Information and Communication Technology) കേരളത്തിലെ ഏതൊരു പോലീസ് സ്റ്റേഷനിലും നൽകിയ പരാതിയുടെ ഏറ്റവും പുതിയ അവസ്ഥ പൊതുജനങ്ങൾക്ക് അറിയുന്നതിനുള്ള ടച്ച് സ്ക്രീൻ |

(മറുപുറം)

കിയോസ്ക്കുകൾ. വൃദ്ധജനങ്ങളുടെയും, നിരാലംബരുടെയും സുരക്ഷയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്കുകൾ. പോലീസ് സ്റ്റേഷനുകളിൽ പോകാതെ തന്നെ പരാതി നൽകുന്നതിനുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട്സ് ജനസേവന കേന്ദ്രം വഴിയുള്ള പരാതി സ്വീകരിക്കൽ എന്നീ പദ്ധതികളാണ് കേരള പോലീസിനെ കൂടുതൽ ജനസൗഹൃദ സേനയായി രൂപപ്പെടുത്തുന്നതിനുവേണ്ടി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

(ബി) സംസ്ഥാനത്ത് ഇതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

: (ബി) ഉണ്ട്. പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തിയ പോലീസ് സ്റ്റേഷനുകളിലെ കുറ്റകൃത്യങ്ങൾ പരിശോധിച്ചാൽ കുറ്റകൃത്യങ്ങളുടെ എണ്ണം കുറഞ്ഞ് വരുന്നതായി കാണാൻ സാധിക്കും.

(സി) ഈ സംവിധാനം കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ എടുക്കാനുദ്ദേശിക്കുന്നുണ്ട് ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

: (സി) & (ഡി)

ഈ സംവിധാനം കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ജനങ്ങളെ ഈ പദ്ധതിയുമായി സഹകരിപ്പിക്കുന്നതിന്റെയും ഭാഗമായി ജനമൈത്രി പോലീസ് നേതൃത്വം നൽകി സംഘടിപ്പിച്ചുവരുന്ന ബോധവൽക്കരണ ക്ലാസ്സുകൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ മുതലായവ ജനങ്ങളിൽ അങ്ങേയറ്റം സ്വാധീനം ചെലുത്തിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 148 പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പിലാക്കിയിരുന്നു. ഈ പോലീസ് സ്റ്റേഷനുകളിൽ നിലവിലുണ്ടായിരുന്ന ഉദ്യോഗസ്ഥർ തന്നെയാണ് ജനമൈത്രീ പദ്ധതിയുമായി ബന്ധപ്പെട്ട ബീറ്റ് ഡ്യൂട്ടി ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത 148 പോലീസ് സ്റ്റേഷനുകളിൽ ഒരു വനിതാ സിവിൽ പോലീസ് ഓഫീസർ ഉൾപ്പെടെ 5 സിവിൽ പോലീസ് ഓഫീസർമാരുടെ 740 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി 50 ട്രൈബൽ പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെ 100 പോലീസ് സ്റ്റേഷനുകളിൽകൂടി വ്യാപിപ്പിച്ചിട്ടുണ്ട്. ഈ 100 പോലീസ് സ്റ്റേഷനുകളിൽ ഓരോന്നിലും 4 സിവിൽ പോലീസ് ഓഫീസർ, 1 വനിതാ സിവിൽ പോലീസ് ഓഫീസർ വീതം 500 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ